**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4394** **18-07-2022 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പ്രതിമാസ വാടക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | പ്രതിമാസ വാടക 4613/- (നാലായിരത്തി അറുന്നൂറ്റി പതിമൂന്ന്) രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | വാടാനപ്പള്ളി വില്ലേജ് ഓഫീസ് കെട്ടിടത്തിന് മുകളിലായി വാടാനപ്പള്ളി എസ്.ആർ.ഒ. യ്ക്ക് സ്വന്തമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ; | (സി) | വാടാനപ്പള്ളി വില്ലേജ് ഓഫീസും, സബ് രജിസ്ട്രാർ ഓഫീസും ഉൾപ്പെടുന്ന പ്രവൃത്തിക്കായി 65,00,000/- (അറുപത്തി അഞ്ച് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 01/03/2017-ന് പൂർത്തീകരിക്കുകയും സിവിൽ വർക്കുകൾക്കായി 72,54,684/- (എഴുപത്തി രണ്ട് ലക്ഷത്തി അൻപത്തിനാലായിരത്തി അറുന്നൂറ്റി എൺപത്തിനാല്) രൂപ ബിൽ തുക നൽകിയിട്ടുമുണ്ട്. |
| (ഡി) | എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണ്; കെട്ടിട നിർമ്മാണത്തിന്റെ ബിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | വാടാനപ്പള്ളി വില്ലേജ് ഓഫീസും, സബ് രജിസ്ട്രാർ ഓഫീസും ഉൾപ്പെടുന്ന പ്രവൃത്തിക്കായി 65,00,000/- (അറുപത്തി അഞ്ച് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 01/03/2017-ന് പൂർത്തീകരിക്കുകയും സിവിൽ വർക്കുകൾക്കായി 72,54,684/- (എഴുപത്തി രണ്ട് ലക്ഷത്തി അൻപത്തിനാലായിരത്തി അറുന്നൂറ്റി എൺപത്തിനാല്) രൂപ ബിൽ തുക നൽകിയിട്ടുമുണ്ട്. |
| (ഇ) | വാടക കെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേയ്ക്ക് പ്രസ്തുത ഓഫീസ് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് സത്വര നടപടി എടുക്കുമോ; വിശദമാക്കാമോ? | (ഇ) | സബ് രജിസ്ട്രാർ ഓഫീസിനായി പുതിയതായി നിർമ്മിച്ച കെട്ടിടത്തിൽ റിക്കാർഡ് റൂം നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഫീസിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ